**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 950.

11.06.2014-ലെ മറുപടിയ്ക്ക്

**പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) റാന്നി മണ്ഡലത്തിലെ പ്രധാന ടൂറിസം പദ്ധതികളായ പെരുന്തേനരുവി, മണിയാർ എന്നിവയുടെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കായി അനുവദിച്ച ഫണ്ട് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ നാല് കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേയ്ക്കുള്ള നടപ്പാത, ടോയ്ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ഒന്നാം ഘട്ടം (2007), രണ്ടാം ഘട്ടം (2012) എന്നിവയിലായി യഥാക്രമം, 97,12,800/-, 75,85,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ രണ്ട് ഘട്ടങ്ങൾക്കുമായി ആകെ 1,45,96,740/- രൂപ നിർമ്മാണ ഏജൻസിയായ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധതിയിൽ മൂന്ന് പവലിയൻ, നടപ്പാത, പാർക്ക്, ബെഞ്ച്, പാർക്കിന്റെ കോമ്പൗണ്ട് ഭിത്തി എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധയിക്ക് അനുവദിച്ച 50 ലക്ഷം രൂപയിൽ 37.50 ലക്ഷം രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) എന്തൊക്കെ പണികളാണ് ഇരുപദ്ധതികൾക്കുമായി ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും ആരൊക്കെയാണ് പദ്ധതികൾ കരാർ എടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ജല സംവിധാനം, പെയിന്റിംഗ്, യാർഡ് തുടങ്ങിയവ പൂർത്തീകരിക്കുവാനുണ്ട്. മണിയാർ ടൂറിസം പദ്ധതിയിൽ ടോയ്ലറ്റ്, വൈദ്യുതീകരണം, വാട്ടർ സപ്ലൈ, ഗേറ്റ് തുടങ്ങിയവ |

പൂർത്തീകരിക്കുവാനുണ്ട്. ഈ രണ്ട് പദ്ധതികളുടെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ശ്രീ.സുധൻ ജി. കൂരം പുല്ലുംവിള, ഇടയ്ക്കാട് പി.ഒ. കടമ്പനാട്, കൊല്ലം എന്ന വ്യക്തിയാണ്

(സി) പെരുന്തേനരുവി പദ്ധതിയുടെ നിർമ്മാണ കാലാവധി എന്നുവരെയായിരുന്നു; പദ്ധതിയുടെ പണികൾ വൈകാനുണ്ടായ കാരണം വിശദമാക്കാമോ; തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ഡി) മണിയാർ ടൂറിസം പദ്ധതി മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ; മുടങ്ങിയ പണികൾ പൂർത്തിയാക്കാൻ എന്തു കാലതാമസം വരുമെന്നും പണികൾ പുനരാരംഭിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>(സി) യും (ഡി) യും</u>

പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ നിർമ്മാണ കാലാവധി 06.08.2011 വരെ ആയിരുന്നു. പാറപൊട്ടിക്കുവാൻ അനുവാദം ലഭിക്കുവാനുള്ള കാലതാമസവും കരാറുകാരനുള്ള ബിൽ തുക നൽകാനുണ്ടായ കാലതാമസവുമാണ് പെരുന്തേനരുവി പദ്ധതി വൈകുവാനുള്ള കാരണം. മണിയാർ പദ്ധതിയുടെ നിർമ്മാണ കാലാവധി 30.12.2011 ആയിരുന്നു. കരാറുകാരനുള്ള ബിൽ തുക നൽകുവാനുണ്ടായ കാല താമസവും, സൈറ്റിലെ പഴയ വാച്ച്മാൻ-ക്യാബിൻ പൊളിച്ചു മാറ്റുവാനുള്ള കാലതാമസവുമാണ് പദ്ധതി വൈകുവാനുള്ള കാരണം. ബിൽ തുക കൊടുത്ത് പണി പുനരാരംഭിച്ചിട്ടുണ്ടെന്ന് നിർമ്മാണ ഏജൻസിയായ സിഡ്കോ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാ കളക്ടർ 29.04.2014ൽ വിളിച്ചു ചേർത്ത സിഡ്കോ അധികൃതരുടെ യോഗത്തിൽ ഇരു പദ്ധതികളുടേയും നിർമ്മാണം 2014 ജൂലൈ 31ന് മുമ്പ് പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ